പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3712 15.07.2015 ലെ മറുപടിയ്ക്ക്

## ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.എ.പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കോഴിക്കോട് വെസ്റ്റ്ഹില്ലിൽ ഉള്ള ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | എ) | കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിനു വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. നിർമ്മാണ പുരോഗതി ശതമാനക്കണക്കിൽ താഴെ പറയും പ്രകാരമാണ്. സിവിൽ വർക്ക്സ് (RCC, PCC, Plastering,etc)-90% ഉം ഫ്ലോറിംഗ് 60% ഉം പ്ലംബിംഗ് - 25% ഉം ഇലക്ട്രിക്കൽ – എൽ.ടി.വർക്ക്സ് - 80% ഉം പ്രൈമർ പെയിന്റിംഗ് - 50% ഉം വരെ ആയിട്ടുണ്ട്. ഗ്രിൽ വർക്ക്, ഫാൾസ് സീലിംഗ്, വാട്ടർ പ്രൂഫിംഗ്, ഇലക്ട്രിക്കൽ – എച്ച്.ടി.വർക്ക്സ്, ഫയർ ഫൈറ്റിംഗ് എന്നിവ ആരംഭിക്കുന്നതേയുള്ളൂ. |
| ബി) | സമയബന്ധിതമായി ഈ കെട്ടിടത്തിന്റെ പ്രവർത്തനം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ? | ബി) | ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി ചില സാങ്കേതിക കാരണങ്ങളാൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിയ്ക്ക് കൈമാറുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കേന്ദ്ര സർക്കാർ വിഹിതമായ പത്ത് കോടി രൂപയിൽ ആറു കോടി രൂപ ലഭിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്. |

സെക്ഷൻ ഓഫീസർ